**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1630** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുഗതാഗതം കാര്യക്ഷമമാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. പി. പ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ഉയർന്ന ജനസാന്ദ്രതയും വാഹനസാന്ദ്രതയുമുള്ള കേരളത്തിൽ കാര്യക്ഷമമായ പൊതുഗതാഗതത്തിന്റെ അഭാവം മൂലം ജനങ്ങൾ സ്വന്തം വാഹനങ്ങളെ (പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങൾ) ആശ്രയിക്കുന്നത് വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങളുടെ, പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങളുടെ, എണ്ണം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്റെ ഏക കാരണം പൊതുഗതാഗതത്തിന്റെ അഭാവമാണെന്ന് സർക്കാർ വിലയിരുത്തുന്നില്ല. കാരണങ്ങൾ ഇവയാണ്.

വാതിൽപ്പടി യാത്രാസൗകര്യം (ഡോർ-ടു-ഡോർ) നൽകുന്നതിൽ ഇരുചക്ര വാഹനങ്ങൾക്കുള്ള മേൽക്കൈ

ചില റൂട്ടുകളിലെ ബസ് സർവീസുകളുടെ ലഭ്യത കുറവ്, അവസാന-മൈൽ (ലാസ്റ്റ്-മൈൽ കണക്ടിവിറ്റി എന്നിവയിലെ പരിമിതികൾ)

**(ബി)** കെ.എസ്.ആർ.ടി.സി. വർഷങ്ങളായി വലിയ സാമ്പത്തിക നഷ്ടത്തിലാണ് എന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്

കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമാകുന്ന പ്രതിമാസ ശരാശരി ടിക്കറ്റ്, ടിക്കറ്റിതര വരുമാനത്തിന്റെ 85 ശതമാനത്തിലധികം തുകയും, ഡീസൽ, കൺ-സോർഷ്യം വായ്പ, ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവുകൾ, സ്പെയർ പാർട്സ്, ജീവനക്കാരുടെ പ്രതിദിന അലവൻസുകൾ, ബദൽ ജീവനക്കാരുടെ ശമ്പളം തുടങ്ങിയ ചെലവുകൾ ക്കായി മാത്രമാണ് വിനിയോഗിക്കേണ്ടി വരുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് ജനങ്ങൾ പൊതുഗതാഗത സംവിധാനത്തെ ഉപേക്ഷിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിലും ഗണ്യമായ കുറവുണ്ടായി. അതോടൊപ്പം ഡീസൽ, സ്പെയർപാർട്സ് എന്നിവയുടെ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യുടെ നഷ്ടത്തിന്റെ ആഴംകൂട്ടുകയും, പ്രതിദിന വരുമാനത്തിൽ നിന്നും 1.19 കോടി രൂപ കൺ-സോർഷ്യം തിരിച്ചടവിലേക്കും, ഏകദേശം 4.50 കോടി രൂപയോളം ഡീസൽ ചെലവിനുമായി

നീക്കിവക്കേണ്ടതിനാൽ ജീവനക്കാരുടെ നെറ്റ്ശമ്പളത്തിനും, സ്പെയർ പാർട്സിനും,എം.എ.സി.ടി. പെയ്മെന്റുകൾക്കും, വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്കുള്ള ജീവനക്കാരുടെ വിഹിതം കോർപ്പറേഷൻ ഈടാക്കിയത് ഒടുക്കുന്നതിനും തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുകയും ചെയ്തു. തന്മൂലം ജീവനക്കാരുടെ ശമ്പളവും വിരമിച്ച ജീവനക്കാരുടെ പെൻഷനും, മറ്റ് ആനുകൂല്യങ്ങളും മുടങ്ങുന്ന സാഹചര്യമുണ്ടാകുകയും, ആയത് ഒഴിവാക്കുന്നതിനായി നിലവിൽ ജീവനക്കാരുടെ ശമ്പളവും,പെൻഷനും വിതരണം ചെയ്യുന്നതിന് സർക്കാർ സഹായം ലഭ്യമാക്കിയാണ് കെ. എസ്.ആർ.ടി.സി. നിലനിന്നുപോരുന്നത്.

കൂടാതെ കേരള സർക്കാരിന്റെ അധീനതയിലുള്ള കെ.എസ്.ആർ.ടി.സി. ഉൾനാടൻ ഗ്രാമങ്ങളിലേക്കും, മലയോര മേഖലകളിലേക്കും, മറ്റ് ഗതാഗത സൗകര്യങ്ങളില്ലാത്ത മേഖലകളിലേക്കും അവശ്യസർവ്വീസായി സേവനം നടത്തുന്നതിലൂടെയും, ഒരു സർക്കാർ മോഡൽ എംപ്ലോയർ എന്ന നിലയിൽ ജീവനക്കാർക്കും, യാത്രക്കാർക്കും, സേവന വേതന വ്യവസ്ഥകൾ അനുവദിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ബാധ്യതകളും കാരണം കെ.എസ്.ആർ.ടി.സി.

നഷ്ടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.

**(സി)** 15 വർഷത്തിലധികം പഴക്കമുള്ള പൊതുഗതാഗത വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര സർക്കാർ നയം (വെഹിക്കിൾ സ്ക്രാപ്പിംഗ് പോളിസി) നിലവിൽ വന്നതോടെ സാധാരണ സർവീസുകൾ നടത്താൻ ആവശ്യത്തിന് ബസുകളില്ലാത്ത അവസ്ഥ കെ.എസ്.ആർ.ടി.സി. നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ ഉത്തരവ് GO (P) No. 3/2026/TRANS , Dated:20/01/2026 പ്രകാരം കെ സ്.ആർ.ടി.സി ബസ്സുകൾക്ക് 20 വർഷകാലപരിധി അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ സാധാരണ സർവീസുകൾ നടത്താൻ ആവശ്യത്തിന് ബസുകൾ ഇല്ലാത്ത അവസ്ഥ കെ.എസ്.ആർ.ടി. സി നിലവിൽ നേരിടുന്നില്ല.

**(ഡി)** സ്ത്രീകളുടെ സൗജന്യ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയ പ്രിയദർശിനി പോലുള്ള പദ്ധതികൾ സ്വകാര്യ ബസുകളുടെ വരുമാനത്തെ ബാധിച്ചതായി ബസ് ഉടമകൾ പരാതിപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്.

കെ.എസ്.ആർ.ടി.സി യിൽ പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പിലക്കിയതിനെത്തുടർന്ന് സ്വകാര്യ സ്റ്റേജ് ക്യാരേജ് ബസുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതായും സ്വകാര്യ ബസ് മേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് ബസ് ഉടമകളും സംഘടനകളും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

ഈ വിഷയം പരിശോധിച്ച് ഉചിതമായ പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത്തിനായി സർക്കാർ, 14.07.2026-ലെ സ.ഉ.( സാധാ) നമ്പർ 237/2026/ട്രാൻസ് പ്രകാരം ഒരു വിദഗ്ധസമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**